## 7

# "നീ വീണ്ടും ജനിക്കണം"

## (3:1 - 36)

ചിലപ്പോൾ തികച്ചും വ്യത്യാസമുള്ള കാര്യങ്ങളിൽ നാം കുറച്ചു വ്യത്യാസമേ കാണുകയുള്ളു. ഞാനും എന്റെ ഭാര്യയും വിവാഹം കഴിഞ്ഞയുടനെ, ഭാര്യയുടെ ഒരു സ്നേഹിതയെ കാണുവാൻ പോയി. എന്റെ ഭാര്യയുടെ കൂടെ കോളേജിൽ പഠിച്ചതായിരുന്നു ആ സ്ത്രീ. അവരും വിവാഹം കഴിഞ്ഞിട്ടു അധികമായില്ലായിരുന്നു. ഞങ്ങൾ എത്ര ശ്രമിച്ചിട്ടും അവരുടെ ഭർത്താവിനെ കാണുവാൻ കഴിഞ്ഞില്ല, വളരെ കുറച്ചു മാത്രമെ അവൾ തന്റെ ഭർത്താവിനെ കുറിച്ചു പറഞ്ഞുള്ളൂ. അവസാനം, എന്റെ ഭാര്യ നിർബ്ബന്ധിച്ചു, "അദ്ദേഹത്തെക്കുറിച്ചു ഞങ്ങളോടു പറക! അദ്ദേഹം ആരെപോലെ ഇരിക്കും?" ആ സ്നേഹിത എന്റെ ഭാര്യയോടു തിരിഞ്ഞു പറഞ്ഞു, "നിങ്ങൾക്കു ഒരാളുണ്ടല്ലോ, അദ്ദേഹത്തെക്കുറിച്ചു നിങ്ങൾ അറിയണം!" ചില സ്ത്രീകൾ ചിന്തിക്കുന്നതിനേക്കാൾ വ്യത്യസ്തമായിട്ടാണ് പുരുഷന്മാർ ചിന്തിക്കുന്നതെന്നു തോന്നുന്നു!

വിശ്വാസത്തിൽ അതേ സമീപനം എടുക്കുന്നതിനെ യോഹന്നാൻ 3 മുന്നറിയിക്കുന്നു. "എല്ലാ വിശ്വാസവും ഒരുപോലെയാണ്," അല്ലെങ്കിൽ "വിശ്വാസം വിശ്വാസം തന്നെയല്ലേ" എന്നു നാം പറഞ്ഞു പോയേക്കാം. യേശു കണ്ടുമുട്ടിയ നിക്കൊദേമൊസ് എന്ന മനുഷ്യനു ശരിയായ വിശാസവും തെറ്റായ വിശ്വാസവും തമ്മിൽ തിരിച്ചറിയുവാൻ കഴിഞ്ഞില്ല. യോഹന്നാന്റെ സുവിശേഷം എഴുതിയത് വിശ്വാസം ജനിപ്പിക്കുവാനാണ് (20:31), അതുകൊണ്ടു താൻ പുറപ്പെടുവിക്കുവാൻ ആഗ്രഹിച്ച വിശ്വാസത്തെ യോഹന്നാൻ ശ്രദ്ധയോടെ നിർവ്വചിച്ചു.

യോഹന്നാൻ 2:23 ലാണ് വാസ്തവത്തിൻ യോഹന്നാൻ 3 ന്റെ പഠനം ആരംഭിക്കുന്നത്, അവിടെ പറയുന്നത്, യേശു പെരുന്നാളിനു യെരുശലേമിലായിരുന്നു എന്നാണ്. ആ പെരുന്നാളിൽ, അവൻ അടയാളം ചെയ്യുകയും, ആളുകൾ തങ്ങളുടെ വിശ്വാസം അവനിൽ അർപ്പിക്കയും ചെയ്തു. ആ സമയത്തു, യേശു എന്തു സ്ഥാപിക്കേണ്ടിയിരുന്നുവോ അതു ചെയ്തു എന്നാണ് വിവരിച്ചിരിക്കുന്നത്. എങ്ങനെയായാലും, "യേശുവോ എല്ലാവരെയും അറികകൊണ്ടു തന്നെത്താൻ അവരുടെ പക്കൽ വിശ്വസിച്ചേല്പ്പിച്ചില്ല" എന്നു യോഹന്നാൻ എഴുതി (2:24).

## വിശ്വാസമല്ലാത്ത വിശ്വാസം

ആദ്യ വിശ്വാസികളുടെ വിശ്വാസം യേശു ആഗ്രഹിച്ച സ്ഥാനത്തെത്തിയില്ല. അവർക്കു വിശ്വാസമുണ്ടായിരുന്നു, എന്നാൽ ആ വിശ്വാസം, വാസ്തവത്തിൽ യേശു ആരായിരുന്നു എന്നു ഗ്രഹിക്കത്തക്കതായിരുന്നില്ല. തന്നെക്കുറിച്ചും ദൈവരാജ്യത്തെക്കുറിച്ചും കൂടുതൽ ആശയവിനിമയം നടത്തുവാൻ യേശു ആഗ്രഹിച്ചു എങ്കിലും അത്തരം വിഷയം വലിയ പുരുഷാരത്തിൽ ചർച്ച ചെയ്യുക പ്രയാസമായിരുന്നു. തൽഫലമായി, സത്യത്തെക്കുറിച്ചുള്ള യേശുവിന്റെ ഉപദേശം, രാത്രിയിൽ യേശുവിന്റെ അടുക്കൽ വന്ന നിക്കൊദേമൊസിനോടുള്ള സംഭാഷണത്തിൽ നൽകുന്നു.

നിക്കൊദേമൊസിനെ നാം യോഹന്നാന്റെ സുവിശേഷത്തിൽ മാത്രമാണ് കാണുന്നത്, അവനെ **"**പരീശന്മാരുടെ കൂട്ടത്തിൽ യെഹൂദന്മാരുടെ ഒരു പ്രമാണി**"** എന്നാണ് പരിചയപ്പെടുത്തുന്നത് **(**3:1**)**. **"**പ്രമാണി**"** എന്ന പദപ്രയോഗം സൂചിപ്പിക്കുന്നത് അവൻ ന്യായാധിപ സഭയിലെ അംഗമായിരുന്നു എന്നാണ്, അക്കാലത്ത് ദുഷ്ക്കീർത്തിയുള്ള എഴുപതു പ്രമാണിമാരായിരുന്നു യെഹൂദന്മാരെ ഭരിച്ചിരുന്നത്. അത്തരം സ്ഥാനത്തിനു സമ്പത്തും, അധികാരവും, മാന്യതയും വന്നിരുന്നു, അതുകൊണ്ടു നിക്കോദെമോസ് യെഹൂദസമൂഹത്തിലെ പ്രമാണിയായിരുന്നു. പിന്നീടു യേശു അവനെക്കുറിച്ചു പറയുന്നത്, **"**യിസ്രായേലിന്റെ ഉപദേഷ്ടാവ്**"** എന്നാണ് **(**3:10**)**. ആ മാതിരിയിൽ, നിക്കോദേമോസിനെ പോലെയുള്ള പ്രമാണിമാർ പൊതുവേ യേശുവിന്റെ ശത്രുക്കളായിരുന്നു. എങ്ങനെയായാലും, നിക്കോദേമോസ്, സത്യാന്വേഷിയായിരുന്നു; അതുകൊണ്ടു, യേശു ആരായിരുന്നു എന്നു കൂടുതൽ അറിയുവാൻ രാത്രിയിൽ അവന്റെ അടുക്കൽ വന്നു.

നിക്കോദേമോസ് തന്റെ പരിവർത്തനം വിശ്വാസപ്രകടനത്തോടെയാണ് തുടങ്ങുന്നത്. അവൻ പറഞ്ഞു, **"**റബ്ബീ, നീ ദൈവത്തിന്റെ അടുക്കൽ നിന്നു ഉപദേഷ്ടാവ് ആയി വന്നിരിക്കുന്നു എന്നു ഞങ്ങൾ അറിയുന്നു; ദൈവം തന്നോടുകൂടെ ഇല്ലെങ്കിൽ നീ ചെയ്യുന്ന ഈ അടയാളങ്ങളെ ചെയ്‌വാൻ ആർക്കും കഴികയില്ല എന്നു പറഞ്ഞു**"** **(**3:2**)**. യേശു വാസ്തവമായും അത്ഭുതങ്ങൾ ചെയ്തു എന്നും അതു ദൈവശക്തിയാലായിരുന്നു എന്നും അവൻ വിശ്വസിച്ചിരുന്നു. ആദ്യ – മായി ഈ വേദഭാഗം വായിക്കുന്ന ഒരാൾക്കു യേശു നിക്കോദേമോസിനോടു പ്രതികരിക്കുന്നതിൽ അമ്പരപ്പുണ്ടാക്കിയേക്കാം. സാധാരണ നാം പ്രതീക്ഷിക്കുന്നത്, **"**നിക്കോദേമോസേ നന്ദി, നിന്റെ അനുമോദനത്തിനും, ഉത്തേജനവാക്കുകൾക്കും കൃതാർത്ഥതയുണ്ട്, പ്രത്യേകിച്ചു അത്തരം പ്രശംസ താങ്കളുടെ സ്നേഹിതന്മാരിൽനിന്നു പുറപ്പെടാറില്ലല്ലോ**"** എന്നായിരിക്കും. എങ്ങനെയായാലും, യേശു നേരിട്ടു ആക്രമിച്ചു തുറന്നു പറഞ്ഞു, **"**ആമേൻ, ആമേൻ ഞാൻ നിന്നോടു പറയുന്നു, പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാൺമാൻ ആർക്കും കഴികയില്ല എന്നു പറഞ്ഞു**"** **(**3:3**)**.[1]

യേശു ഉപയോഗിച്ച ഗ്രീക്ക് വാക്ക് *അനോതെൻ* നിക്കോദേമോസിനെ പരിഭ്രാന്തിയിലാക്കി, കാരണം അതിനു **"**വീണ്ടും**"** അല്ലെങ്കിൽ

“ഉയരത്തിൽനിന്നു” എന്നാണർത്ഥം.[2] തുടർന്നുള്ള സംഭാഷണം ഏതാണ്ടു രണ്ടു ഭാഷകളിലായിരുന്നു. യേശു സംസാരിച്ചത് “ഉയരത്തിൽനിന്നുള്ള,” ഭാഷയായിരുന്നു, എന്നാൽ നിക്കേദേമോസ് സംസാരിച്ചത് “ഭൗമികഭാഷയും” ആയിരുന്നു (3:31). ദൈവശക്തിയാലുള്ള ആത്മീയമായ വീണ്ടും ജനനത്തെക്കുറിച്ചായിരുന്നു യേശു പറഞ്ഞത്, എന്നാൽ നിക്കോദെമോസ് മനസിലാക്കുവാൻ ശ്രമിച്ചത്, ഭൗതികമായി ഒരാൾ എങ്ങനെ അമ്മയുടെ ഉദരത്തിൽ കടന്നു ജനിക്കാമെന്നാണ്! യേശുവിന്റെ അടുക്കൽ രാത്രിയിൽ വന്ന സന്ദർശകനിൽ അഭിനന്ദിക്കത്തക്ക ആവേശം നസ്രേത്തുകാരനായ ഉപദേഷ്ടാവിനെ സംബന്ധിച്ചുണ്ടായിരുന്നു, എന്നാൽ അവൻ അപ്പോഴും മാനുഷികമായി ചിന്തിച്ചു ദൈവരാജ്യത്തിൽ പ്രവേശിക്കാതിരുന്നു. യേശു അവനോടു തുറന്നു, പ്രേരണയോടെ വെല്ലുവിളിയും നടത്തി, അവൻ വിശ്വാസത്തെ നിർവ്വചിക്കയായിരുന്നു. ആരംഭമായി, ദൈവരാജ്യം എന്തല്ല എന്നു രണ്ടു കാര്യങ്ങളാൽ യേശു വ്യക്തമാക്കി.

**മതത്തിന്റെ മതപരമായ പരിശീലനങ്ങളല്ല**

വിശാലവും വ്യത്യസ്തവുമായ അർത്ഥങ്ങളുള്ള വാക്കാണ് “മതം” എന്നത്. ക്രിയാത്മകമായി, അതിനു “ദൈവത്തോടുള്ള ആരാധനയും ശുശ്രൂഷയും എന്നർത്ഥം വരാം.”[3] നിഷേധമായി, “വ്യവസ്ഥാപിത മതപരമായ വിശ്വാസത്തോടും പരിശീലനത്തോടുമുള്ള മനോഭാവം.”[4] രണ്ടാമത്തെ അർത്ഥത്തെ യേശു കർശനമായി എതിർത്തുകൊണ്ടാണ്, ഉയരത്തിൽനിന്നുള്ള വീണ്ടും ജനനത്താൽ മാത്രമെ ദൈവരാജ്യത്തിൽ പ്രവേശിക്കയുള്ളു എന്നു പറഞ്ഞത്. തന്റെ സ്ഥാനം വെച്ചു നിക്കോദേമോസ് ന്യായപ്രമാണം പാലിക്കുന്ന ഗുണം ഉള്ളവനായിരുന്നു, എന്നാൽ ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ അതു പോരാ എന്നായിരുന്നുവോ യേശു പറഞ്ഞത്? തീർച്ചയായും! നിക്കോദേമോസ്, ഭൗമികമായി ചിന്തിച്ചതുകൊണ്ടു, യേശു പറഞ്ഞത് അവനു മനസിലായില്ല.

ഉയരത്തിൽനിന്നു/ വീണ്ടും ജനിക്കണമെന്നു യേശു പറഞ്ഞതിനു പരിഭ്രാന്തനായി നിക്കോദേമോസ് പ്രതികരിച്ചതുകൊണ്ടു യേശു തന്നെ ആവർത്തിച്ചു “വീണ്ടും ജനിക്കുക” എന്നാൽ “വെള്ളത്താലും ആത്മാവിനാലും ഉള്ള ജനനം” എന്നു വിശദമാക്കി (3:5). “വെള്ളവും ആത്മാവും” സ്നാനം എന്ന ചർച്ചക്കു വഴി ഒരുക്കുന്നു.[5] “വെള്ളം” ശുദ്ധീകരണത്തിനു ആവശ്യമാണ്, “ആത്മാവു” നിക്കോദെമോസിലേക്കു പരിശുദ്ധാത്മാവിൽ കുറയാത്ത ശക്തി വരുമെന്നർത്ഥം. അത്തരം ആശയം ഒരുപക്ഷെ അവനെ പരിഭ്രമിപ്പിക്കുന്നതോ പരിഹസിക്കുന്നതോ ആയി തോന്നിയേക്കാം.

യേശുവിന്റെ ശുശ്രൂഷക്കു മുമ്പു, സ്നാനം, യെഹൂദമതത്തിൽ, പരിശീലിച്ചിരുന്നത്, ജാതികൾ യെഹൂദന്മാരാകുമ്പോഴാണ്. മൂന്നു കാര്യങ്ങൾ ഒരു യെഹൂദനാകുവാൻ (യെഹൂദമതാനുസാരി) ആവശ്യമായിരുന്നതു, പരിഛേദന, യാഗം, സ്നാനം എന്നിവയായിരുന്നു. ന്യായാധിപസഭയിലെ ഒരു പ്രമുഖവ്യക്തിക്കു സ്നാനം ആവശ്യമെന്നതു ചിന്തിക്കുവാനേ പ്രയാസം. ദൈവരാജ്യത്തിൽ പ്രവേശിക്കുക എന്നാൽ നിയ

മങ്ങൾ വെറുതെ അനുസരിക്കുകയല്ല; അതു ഹൃദയത്തെ ദൈവമു മ്പാകെ താഴ്ത്തി, മാറ്റുവാൻ പരിശുദ്ധാത്മാവിനെ അനുവദിക്കയും ദൈവദൃഷ്ടിയിൽ പുതുതായിത്തീരുകയും വേണം.

കുഴപ്പത്തിൽനിന്നു വിട്ടു നില്ക്കുകയും, ആരെയും ഉപദ്രവിക്കാതിരുന്നാൽ, ദൈവം അതിൽ സംപ്രീതനാകും എന്ന പൊതുവായ ഒരു ധാരണ, ഇന്നു നിലവിലുണ്ട്. എന്നാൽ നമ്മുടെ വേദഭാഗം അതിനു നേരെ എതിരാണ്. അന്നു യേശു നിക്കോദേമോസിനെ നോക്കി, പറഞ്ഞതു പോലെ ഇന്നും നോക്കി പറയും "നീ വീണ്ടും ജനിക്കണം!"

**വെറും രഹസ്യമായ തീർച്ചയുമല്ല**

നിക്കോദേമോസ് രാത്രിയിൽ യേശുക്രിസ്തുവിന്റെ അടുക്കൽ വരുവാൻ കാരണം എന്താണെന്നാണ് നിങ്ങൾ കരുതുന്നത്? അവർക്കു രണ്ടു പേർക്കും സൗകര്യപ്രദമായ സമയം അതായിരുന്നതുകൊണ്ടാണോ? റബ്ബികൾ സാധാരണ പഠിപ്പിച്ചിരുന്നതു പോലെ പഠിപ്പിക്കുവാൻ പറ്റിയ സമയം അതായതുകൊണ്ടാണോ? പകൽവെളിച്ചത്തിൽ യേശുവിന്റെ അടുക്കൽ വരുവാൻ നിക്കോദേമോസ് ഭയപ്പെട്ടിരുന്നോ? യോഹന്നാന്റെ എഴുത്തിൽ രാത്രി എന്ന ആശയം മുഖ്യമായി പറയുന്നുണ്ട്, അപ്പോഴും ആത്മിയ ഇരുട്ടിലായിരുന്ന ഒരാൾ രാത്രി വന്നതും ശരിയായ നിലപാടായിരുന്നു (യോഹന്നാൻ 3:19–21). അവൻ അപ്പോഴും ഉയർന്ന സ്ഥാനം വഹിച്ചിരുന്നതുകൊണ്ട്, അവന്റെ യേശുവിലുള്ള താല്പര്യം പരസ്യമാക്കാവുന്നതായിരുന്നില്ല. വെള്ളത്താലും ആത്മാവിനാലും വീണ്ടും ജനിക്കണം എന്നു നിക്കോദെമോസിനോടു യേശു പറഞ്ഞപ്പോൾ, അവൻ മറ്റു പലതിലും ആയിരുന്നു, അവനിലെ വിശ്വാസപ്രകടനം സ്നാനത്തിലൂടെ നടത്തണം എന്നാണ് പറഞ്ഞത്. ആ ആശയം നിക്കോദേമോസിനു വീണ്ടും അമ്മയുടെ ഉദരത്തിൽ കടക്കുന്നതുപോലെ ചിന്തിക്കുവാൻ പ്രയാസമായിരുന്നു!

യോഹന്നാന്റെ സുവിശേഷത്തിൽ മറ്റു രണ്ടു പ്രാവശ്യം കൂടെ നിക്കോദെമോസിനെ നാം കാണുന്നുണ്ട്. അടുത്ത പ്രാവശ്യം നാം അവനെ കാണുന്നതു, ന്യായാധിപസഭ കൂടാരപ്പെരുന്നാളിൽ യേശുവിനെ പിടിച്ചു കൊല്ലുവാൻ ശ്രമിച്ചപ്പോഴാണ് (7:50–52). അവൻ അപ്പോഴും യേശുവിനെ സംബന്ധിച്ചു തല്പരനായിരുന്നു, ന്യായാധിപസഭ യേശുവിൽ "നിയമാനുസ്രുത നടപടി" എടുക്കണം എന്നു പറയുവാൻ ധൈര്യം കാണിച്ചു. ന്യായാധിപസഭയിലെ മറ്റംഗങ്ങൾ അതിനു പെട്ടെന്നു കോപാകുലരായി. "നീയും, ഗലീലക്കാരനോ?" എന്നു അവർ വാക്പ്രഹരം നടത്തി (7:52). അധർമ്മത്തോടു പ്രതികരിച്ചതുകൊണ്ടു, നിക്കോദേമോസ്, അപ്പോഴും, ഒരു രഹസ്യ ശിഷ്യനായിരുന്നു എന്നു സംശയിക്കുന്നുണ്ട്. അവസാനമായി നിക്കോദെമോസിനെ നാം കാണുന്നത്, യേശുവിന്റെ അടക്കസമയത്താണ് (19:39, 40). ആ സമയത്ത് അവനോടുകൂടെ മറ്റൊരു രഹസ്യശിഷ്യനായിരുന്ന അരിമത്ഥ്യക്കാരനായിരുന്ന യോസേഫും ഉണ്ടായിരുന്നു, അവർ യേശുവിന്റെ ശരീരം അടക്കം ചെയ്യുവാൻ ഒരുങ്ങി. സംഭവത്തിന്റെ അവസാനം, യേശു അന്നു രാത്രി അവനോടു പറഞ്ഞതു പോലെ, അവന്റെ വിശ്വാസവു

മായി അവൻ "പരസ്യമായി പോകുവാൻ" തയ്യാറായി.

യോഹന്നാന്റെ സുവിശേഷത്തിൽ മൂന്നു പ്രാവശ്യം കാണുന്ന നിക്കോദേമോസിന്റെ പുരോഗതി, വിശ്വാസം പരസ്യമാക്കേണ്ടതിനുള്ള ഒരു മാതൃകയാണ് നിക്കോദേമോസ്. പുതിയ ജനനത്തിലെ സ്നാന പ്രവൃത്തി തന്നെ വിശ്വാസം പരസ്യമാക്കുന്നതാണ്. നാം ക്രിസ്തുവിനുള്ളവരാണെന്നു പരസ്യമായി പ്രകടിപ്പിക്കലാണ്.

ഇന്നു, നാം വ്യത്യാസം നോക്കാതെ സംസ്ക്കാര സമ്മർദ്ദത്തിന്റെ പിടിയിലാണ്. ക്രിസ്ത്യാനികൾ "സ്വീകരിക്കപ്പെടുവാനും" "സാധാരണക്കാർ" ആയി അറിയപ്പെടുവാനും നാം ആരാണെന്ന കാര്യം മറന്നു വിട്ടുവീഴ്ച്ച ചെയ്യുവാനും തയ്യാറാകുന്നു. അങ്ങനെ ചെയ്യുന്നതിലൂടെ, നാം സ്നാനപ്പെട്ടപ്പോൾ പ്രഖ്യാപിച്ച ദൃഢവിശ്വാസത്തെ തള്ളിപ്പറയുകയാണ് ചെയ്യുന്നത്. അതു മോശമായ ഭാഷയായാലും, മദ്യപാനം അല്ലെങ്കിൽ സ്വയം - കേന്ദ്രീകൃതജീവിതം ആയാലും, യേശു നമ്മുടെ വിശ്വാസത്തെ പരസ്യമാക്കുവാൻ ആഹ്വാനം ചെയ്യുന്നു!

### പുതിയ ജനനത്തിലേക്കു നയിക്കുന്ന വിശ്വാസം

യാഥാസ്ഥിതികനായ വർത്തമാന പംക്തി എഴുത്തുകാരൻ കാൾ തോമസ് വാർത്തകളിൽ നിറഞ്ഞു നിന്നതു ഒരു ദൃഢവിശ്വസമുള്ള ക്രിസ്ത്യാനിയായിട്ടാണ്. ഒരിക്കൽ, ഒരു ക്രിസ്ത്യാനിയായി അറിയപ്പെട്ട ഒരാളുടെ സംഭവം എഴുതിയതു കണ്ട്, അദ്ദേഹത്തിന്റെ ഒരു സഹപാഠി ചോദിച്ചു, "കാൾ, നിങ്ങൾ ഒരു വീണ്ടും ജനിച്ച ക്രിസ്ത്യാനി അല്ലേ?" അദ്ദേഹം മറുപടിയായി ചോദിച്ചു, "താങ്കൾ എന്താണ് അർത്ഥമാക്കിയത്?" ആ ചോദ്യത്തിൽ എന്താണ് ഉദ്ദേശിച്ചതെന്നു വ്യക്തമായിരുന്നില്ല. അതുകൊണ്ടു തോമസ് പറഞ്ഞു, "അതെ, ഞാൻ വീണ്ടും ജനിച്ചതാണ്, 'വീണ്ടും ജനനത്തിന്റെ അർത്ഥം ഞാൻ പറയട്ടെ.' "[6]

### ദൈവശക്തി

പുതിയജനനം ആരംഭിക്കുന്നതും അവസാനിക്കുന്നതും ദൈവശക്തിയോടുകൂടെയാണ്. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ പുതിയജനനം സാധ്യവും ലഭ്യവുമാണെന്നു യേശു നിക്കോദേമോസിനോടു പറഞ്ഞു (3:6-8). ദൈവദാനം ലഭിക്കുന്നതിനെക്കുറിച്ചും, ദൈവത്തിന്റെ ആത്മാവു ആദ്യം തന്നെ ലഭിക്കുന്നതിനെക്കുറിച്ചും ചിലപ്പോൾ നാം ബോധവാന്മാരല്ല!

വീണ്ടും ജനനം ദൈവശക്തിയിൽ വേരൂന്നിയിരിക്കയാൽ, അതു നമുക്കു വാസ്തവത്തിലുള്ള പ്രാധാന്യത്തിൽ പ്രത്യാശ നൽകുന്നു. വർഷങ്ങളായി കാണാതിരുന്ന സ്നേഹിതന്മാരെ കാണുവാൻ നാം പദ്ധതിയിടുമ്പോൾ, അവർ എത്രത്തോളം മാറിക്കാണും എന്നു നാം ചിന്തിക്കും. നാം വർഷങ്ങൾക്കു മുൻപു വളരെ അടുത്തു ഇടപഴകിയവരായതുകൊണ്ട്, ഇരുപതോ നാല്പതോ വർഷങ്ങൾക്കു ശേഷം അവർ എങ്ങനെയായിരിക്കും എന്നു നമുക്ക് ഊഹിക്കാൻ കഴിയും. അവർക്കു ജീവിതത്തിൽ സാരമായ മാറ്റം സംഭവിച്ചിരിക്കുമോ? ക്രിസ്ത്യാനികൾക്കാണെങ്കിൽ "ഉവ്വ്!" എന്നായിരിക്കും ഉത്തരം. ദൈവശക്തിയാൽ

നാം മാറി.

**യേശുവിൽ ഉള്ള വിശ്വാസം**

പുതിയജനനത്തിൽ വിശ്വാസം നിർണ്ണായകമായ കാര്യമാണ്.യേശുവിനെക്കുറിച്ചുള്ള ഏതെങ്കിലും തീരുമാനമല്ല ഈ വിശ്വാസം (3:2), എന്നാൽ, അവൻ ക്രിസ്തുവും ദൈവപുത്രനും എന്നതിലുള്ള ആശ്രയമാണ് (20:31). മോശെ മരുഭൂമിയിൽ പിച്ചള സർപ്പത്തെ ഉയർത്തിയപ്പോൾ യിസ്രായേലിനു ഉണ്ടാകേണ്ടിയിരുന്ന വിശ്വാസമാണ് ആ വിശ്വാസം എന്നു യേശു പറയുകയുണ്ടായി (3:14; സംഖ്യാപുസ്തകം 21:4-9). ആ സമയത്ത് യിസ്രായേൽ, തങ്ങളെ മരുഭൂമിയിലേക്കു കൊണ്ടുവന്ന മോശക്കും ദൈവത്തിനുമെതിരായി പിറുപിറുക്കുകയായിരുന്നു. അവരുടെ പരാതികൾ കേട്ടു മടുത്ത ദൈവം അവരടെ കൂടാരങ്ങളിലേക്കു അഗ്നിസർപ്പങ്ങളെ അയച്ചു. അവ കടിച്ചു അനേകം പേർ മരിച്ചുപോയി. ജനങ്ങൾ ദൈവത്തോടു നിലവിളിച്ചു. മോശെയോടു അഗ്നിസർപ്പത്തെ ഉണ്ടാക്കി കൊടിമരത്തേൽ തൂക്കുവാൻ ദൈവം പറഞ്ഞു. പാമ്പു കടിയേറ്റവർ കൊടിമരത്തിലെ അഗ്നിസർപ്പത്തെ നോക്കിയാൽ രക്ഷപ്പെടുമായിരുന്നു. ഈ പ്രവൃത്തിയിൽ അഗ്നിസർപ്പത്തിൽ നോക്കുവാനുള്ള വിശ്വാസം ഒരാൾക്കു വേണ്ടിയിരുന്നു; എന്നാൽ അവർ നോക്കിയപ്പോൾ അവർ സൗഖ്യമായതു ദൈവശക്തിയാലായിരുന്നു. യേശുവിനെ ക്രൂശിന്മേൽ "ഉയർത്തി" (യോഹന്നാൻ 12:32, 34), അവനെ നോക്കി വിശ്വസിക്കുന്നവരും അനുസരിക്കുന്നവരും ദൈവശക്തിയാലാണ് രക്ഷിക്കപ്പെടുന്നത്!

**പ്രഖ്യാപിച്ച തീരുമാനം**

ദൈവശക്തിയാലാണ് പുതിയജനനം സാധ്യമായത്. അതു യേശു ക്രിസ്തുവിലുള്ള വിശ്വാസത്താൽ ഉത്തേജിപ്പിക്കയും സുഗമമാക്കുകയും ചെയ്തിരിക്കുന്നു (3:16). എങ്ങനെയായാലും, വിശ്വസിക്കുന്ന തീരുമാനം, സ്നാനപ്പെടുമ്പോൾ ഏറ്റുപറയുന്നതിലൂടെയാണ് തിരിച്ചറിയുന്നത്, അത് ഒരാൾ "വെള്ളത്താലും ആത്മാവിനാലും ജനിക്കുമ്പോഴാണ്" (3:5). ഈ തീരുമാനപ്രവൃത്തി ദൈവവും ആ വ്യക്തിയും തമ്മിലുള്ള പുതിയ ബന്ധവും അയാൾ ജീവിക്കുന്ന പ്രദേശത്തുള്ള വിശ്വാസ സമൂഹമാ കുന്ന സഭയുമായും ഒരു പുതിയ ബന്ധവും ആരംഭിക്കുമാറാക്കുന്നു. പുതിയ ജനനത്തിൽ യേശുവിലുള്ള വ്യക്തിപരമായ വിശ്വാസവും ഉൾപ്പെടുന്നു, എന്നാൽ ആ വ്യക്തിപരമായ വിശ്വാസം സ്നാനമെന്ന പരസ്യപ്രവൃത്തിയിൽ പ്രകടിപ്പിക്കേണ്ടതുമുണ്ട് (മർക്കൊസ് 16:15, 16; പ്രവൃത്തികൾ 2:38; 22:16).

**ഉപസംഹാരം**

നാം ഇപ്പോൾ പഠിച്ച വേദഭാഗത്തെ ആധാരമാക്കി തുടരെത്തുടരെ പ്രസംഗിച്ച ജോർജ് വൈറ്റ്ഫീൽഡിന്റെ (1714-70) സംഭവ കഥ കേട്ടിട്ടുണ്ട്. ഒരു ദിവസം അദ്ദേഹത്തിന്റെ ഒരു സ്നേഹിതൻ ചോദിച്ചു, "താങ്കൾ എന്തുകൊണ്ടാണ് എപ്പോഴും 'നിങ്ങൾ വീണ്ടും ജനിക്കണം'

എന്ന വിഷയത്തെക്കുറിച്ചു പ്രസംഗിക്കുന്നത്?" അതിനു വൈറ്റ്ഫീൽഡ് തറപ്പിച്ചു പറഞ്ഞ മറുപടി, "കാരണം നിങ്ങൾ വീണ്ടും *ജനിക്കണം!*"

യേശു പ്രമുഖനായ, ശ്രേഷ്ഠനായ ഉപദേഷ്ടാവ് ആണ്, എന്നാൽ ദൈവപുത്രനേക്കാൾ കുറഞ്ഞവനാണ് എന്നു കരുതുന്ന എല്ലാവരോടും, യേശു പറയുന്നു, "നിങ്ങൾ വീണ്ടും ജനിക്കണം."

ദൈവത്തിനു അടിസ്ഥാന നന്മ മാത്രം മതി എന്നു വിശ്വസിക്കുന്ന എല്ലാവരോടും യേശു പറയുന്നു, "നിങ്ങൾ വീണ്ടും ജനിക്കണം."

മതപരമായ ആചാരങ്ങളിൽ തൃപ്തരായിരിക്കുന്നവരോടു യേശു പറയുന്നു, "നിങ്ങൾ വീണ്ടും ജനിക്കണം."

രഹസ്യവും വ്യക്തിപരവുമായ മതം അന്വേഷിക്കുന്ന എല്ലാവരോടും യേശു പറയുന്നു, "നിങ്ങൾ വീണ്ടും ജനിക്കണം."

സ്നാനം ആവശ്യമില്ലാത്തതും, അവിശ്വസനിയമായ തിരുശേഷിപ്പാണെന്നും കരുതുന്നവരോടു യേശു പറയുന്നു, "നിങ്ങൾ വീണ്ടും ജനിക്കണം."

---

കുറിപ്പുകൾ

[1]യോഹന്നാന്റെ സുവിശേഷത്തിൽ ഇവിടെ മാത്രമെ നാം "ദൈവരാജ്യം" കാണുന്നുള്ളു. "ജീവൻ" അല്ലെങ്കിൽ "നിത്യജീവൻ" എന്നുപയോഗിച്ചിരിക്കുന്നത് ഒരേ ആശയത്തെയാണ്. [2]നോക്കുക 3:31, അവിടെ "ഉയരത്തിൽനിന്നു" എന്ന അർത്ഥമാണ്. [3]*വെബ്സ്റ്റേഴ്സ് നൈന്ത് ന്യു കോളോജിയറ്റ് ഡിക്ഷ്ണറി* (1988), എസ്.വി. "റിലീജിയൻ." [4]ഇബിഡ്. [5]"വെള്ളത്താലുള്ള ജനനം" എന്ന പ്രയോഗം സ്നാനത്തെയാണ് സൂചിപ്പിക്കുന്നത്, അതു യെഹൂദന്മാർക്കു പരിചയമുള്ള പരിശീലനമായിരുന്നു, ആനുകാലികമായി യോഹന്നാന്റെ സ്നാനം ചർച്ച ചെയ്യപ്പെടുകയും ചെയ്തിരുന്നു. നോക്കുക 1:25; 3:22–26; 4:1–3. [6]"ഇടയത്വം, ദാസിത്വവും വിജയവും." *പാസ്റ്റർ റ്റു പാസ്റ്റർ,* വാല്യം 13 (കൊളറാഡോ സ്പ്രിങ്സ്, കൊളോ.: ഫോക്കസ് ഓൺ ദ ഫാമിലി, 1994), സൗണ്ട് കാസറ്റ്.

---

## ഏഴു അടയാളങ്ങൾ

താൻ ദൈവപുത്രനാണെന്നു ആളുകൾ വിശ്വസിക്കേണ്ടതിന്ന യേശു ചെയ്ത അത്ഭുതപ്രവൃത്തികളെ സൂചിപ്പിച്ചുകൊണ്ടാണ് യോഹന്നാന്റെ സുവിശേഷത്തിൽ "അടയാളം" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്. യേശു ചെയ്ത അനേകം അത്ഭുതങ്ങൾ തന്റെ സുവിശേഷത്തിലില്ല എന്നു യോഹന്നാൻ രേഖപ്പെടുത്തി. ഉൾപ്പെടുത്തിയിരിക്കുന്നവ, അവൻ പറയുന്നു, "യേശു ക്രിസ്തുവും, ദൈവപുത്രനും ആണെന്നു വിശ്വസിക്കേണ്ടതിനത്രെ" (20:30, 31). യോഹന്നാന്റെ സുവിശേഷത്തിൽ ഏഴു അടയാളങ്ങൾ ഉണ്ടെന്നു പോതുവെ കണക്കാക്കിയിരിക്കുന്നു. ചിലർ കൂട്ടിച്ചേർത്തേക്കാം, എന്നാൽ യോഹന്നാന്റെ

പുസ്തകത്തിൽ, ശരിക്കും, "ഏഴു അടയാളങ്ങളും പിന്നെ ഏറ്റവും വലിയ അടയാളവും" (ഉയിർത്തെഴുന്നേല്പ്) അടങ്ങുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. ഓരോന്നും യേശുവിന്റെ ശക്തിയുടെ പ്രത്യേകത വെളിപ്പെടുത്തുന്നതും സംഭവം വായിക്കുന്ന വായനക്കാരനെ അതു സത്യമോണോ അല്ലയോ എന്നു വിശ്വസിക്കുവാൻ നിർബ്ബന്ധിക്കുന്ന തുമാകുന്നു. ഈ ഏഴു അടയാളങ്ങൾ യോഹന്നാൻ അവതരിപ്പിക്കുന്ന യേശുവിന്റെ ജീവിതത്തിലെ അതിരടയാളങ്ങളളാണ്.[1]

*അടയാളം 1.* വെള്ളം വീഞ്ഞാക്കി മാറ്റി (2:1–11). യേശു സൃഷ്ടി യുടെ കർത്താവാണെന്നു ഈ അടയാളം തെളിയിക്കുന്നു.

*അടയാളം 2.* രാജഭൃത്യന്റെ മകനെ സൗഖ്യമാക്കി (4:46–54). ദൂര ത്തിലും രോഗത്തിലുമുള്ള യേശുവിന്റെ ശക്തിയാണ് ഈ അടയാള ത്തിലുള്ളത്.

*അടയാളം 3.* മുടന്തനെ സൗഖ്യമാക്കി (5:1–9). രോഗത്തിൽ മാത്രമ ല്ല, സമയത്തിന്മേലും യേശുവിനുള്ള ശക്തിയെ ഈ അടയാളത്തിൽ കാണാം.

*അടയാളം 4.* അയ്യായിരം പേരെ പോഷിപ്പിച്ചു (6:1–14). അളവിന്മേൽ യേശുവിനുള്ള ശക്തിയെയാണ് ഈ അടയാളം തെളിയിക്കുന്നത്.

*അടയാളം 5.* യേശു വെള്ളത്തിന്മേൽ നടന്നു (6:16–21). "പ്രകൃതി ശക്തികളായ കാറ്റ്, തിരമാല, ഗുരുത്വപ്രമാണം എന്നിവയുടെ യജമാ നനാണ്" യേശു എന്നു വെളിപ്പെടുത്തുന്നതായിരുന്നു ഈ അടയാ ളം.[2]


*അടയാളം 6.* പിറവിയിലേ കുരുടനായിരുന്ന മനുഷ്യനു കാഴ്ച്ച നല്കി (9:1–12). ഈ അടയാളം വ്യക്തമാക്കുന്നത് യേശു വെളിച്ചത്തിന്റെ യജമാനനാണെന്നാണ്, ആ വാക്കിന്നു ഈ സുവിശേഷത്തിൽ ശക്ത മായ ദ്വയാർത്ഥമുണ്ട്.

*അടയാളം 7.* ലാസറിനെ ഉയിർപ്പിച്ചു (11:39–44). "മരണത്തിന്മേൽ യജമാനനും ജീവദായകനും" ആണ് യേശു എന്നു ഈ അടയാളം കാണിക്കുന്നു.

യോഹന്നാന്റെ സുവിശേഷത്തിലെ[3] അടയാളങ്ങൾ അത്ഭുതമായി ചെയ്തതാണ്. ആദ്യം, വെള്ളം വീഞ്ഞാക്കി മാറ്റിയതു, വിശ്വസിക്കു വാൻ എളുപ്പമാണ്, എന്നാൽ ഒടുവിൽ, ലാസറിനെ ഉയിർപ്പിച്ചത് വിശ്വ സിപ്പാനാണ് പ്രയാസം. ഈ ഏഴു അടയാളങ്ങളും അവസാനത്തേതും ഏറ്റവും വലിയതുമായ അടയാളം, മരിച്ചവരിൽനിന്നു യേശു ഉയിർത്തെ ഴുന്നേല്ക്കുന്നതിന്റെ ഒരുക്കമായിട്ടായിരുന്നു![4]

കുറിപ്പുകൾ

[1]ഹോമർ ഹെയ്‌ലി, *ദാറ്റ് യൂ മേ ബിലീവ്: സ്റ്റഡീസ് ഇൻ ദ ഗോസ്പെൽ ഓഫ് ജോൺ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1973). [2]ഇബിഡ്., 112. [3]ഇവയിൽ രണ്ടു അടയാളങ്ങളേ മറ്റു സുവിശേഷങ്ങളിൽ കാണുന്നുള്ളു: അയ്യായിരം പേരെ പോഷിപ്പിക്കുന്നതും (മത്തായി 14:13-21; മർക്കൊസ് 6:34-44; ലൂക്കൊസ് 9:12-17), യേശു വെള്ളത്തിന്മേൽ നടക്കുന്നതും (മത്തായി 14:22-33; മർക്കൊസ് 6:45-51). [4]യേശുവിന്റെ ഉയിർപ്പിനു - ശേഷമുള്ള ശുശ്രൂഷയിൽ ഒരടയാളം കൂടെ നടന്നിട്ടുണ്ട്, അതു ശിഷ്യന്മാർക്കു വല നിറയെ മീൻ നല്കിയതാണ് (21:1-11).




*ദൈവാലയത്തിന്റെ രേഖാചിത്രം*

© 2009 Truth for Today